Monthly Price Rs. 4/- 2009

# ബൈബിൾ ട്രൂത്ത്

"ദൈവ വചനം എന്ന
ആത്മാവിന്റെ വാൾ...
എടുക്കുക"

# THE BIBLE TRUTH

ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3

| | | | | |
|---|---|---|---|---|
| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

| Vol. 24 | October 2009 | No. 7 |
|---|---|---|

# എഡിറ്റോറിയൽ

പുരാതനകാലത്തും ആധുനിക കാലത്തും ഉള്ള മനുഷ്യരുടെ ജീവിതശൈലി പരിശോധിച്ചാൽ, പ്രകടമായ വ്യത്യാസം കാണാം. മുഖ്യമായുള്ള വ്യത്യാസം നമുക്കു പരിശോധിക്കാം. ആദ്യമനുഷ്യനെ ഒരു ഉദ്ദേശത്തോടെ പൂർണ്ണതയുള്ളവനായിട്ടാണ് സൃഷ്ടിച്ചത്. എന്നാൽ ദൈവകല്പന ലംഘിച്ചശേഷമാണ് കുഴപ്പങ്ങൾ സംഭവിക്കുന്നത്. ദൈവവുമായുള്ള ബന്ധം വിഛേദിച്ചതാണ് കാരണം. ദൈവത്തോടുകൂടെ ജീവിച്ചാൽ മനുഷ്യർക്കു സ്വസ്ഥതയും സമാധാനവും ഉണ്ടാകും. പക്ഷെ അതു നഷ്ടപ്പെടുത്തിയാൽ പിന്നെ പറയേണ്ടതില്ലല്ലോ. നന്മ ഏത് തിന്മ ഏത് എന്നും രണ്ടിന്റേയും ഫലങ്ങൾ എന്താണെന്നും വിവേചിക്കുവാനുള്ള കഴിവില്ലായ്മയാണ് അവൻ ദൈവകല്പന ലംഘിച്ചതുകൊണ്ടുണ്ടായത്. ലൗകിക കാഴ്ച്ചപ്പാട് അവന്റെ ആത്മിയ കാഴ്ച്ചപ്പാടിനെ ഇല്ലാതാക്കിയിരിക്കയാണ്. തെറ്റായ കാഴ്ച്ചപ്പാടാണ് അവനെ തെറ്റായ ജീവിതശൈലിയിലേക്കു തിരിച്ചത്.

ആ കാഴ്ച്ചപ്പാട് ഒരു തലമുറ അടുത്ത തലമുറയിലേക്കു പകർന്നു കൊടുത്തു. അങ്ങനെ അധർമ്മം ലോകത്തിൽ പരന്നു. പണ്ടു നോഹയുടെ കാലത്തു ജലപ്രളയത്താൽ ഒരു കുടുംബം ഒഴിച്ചുള്ള ജനത്തെ മുഴുവൻ വെള്ളത്താൽ നശിപ്പിച്ചത് അതുകൊണ്ടാണ്. ബാല്യം മുതൽ മനുഷ്യന്റെ നിരൂപണം ദോഷമുള്ളതായി തീർന്നു. എന്നാൽ നോഹക്കും കുടുംബത്തിനും യഹോവയുടെ കൃപ

ലഭിച്ചു. കാരണം അവർ ദൈവനീതിയിൽ ആശ്രയിച്ചു. അടുത്ത തലമുറയും ദൈവബന്ധത്തിൽനിന്നകന്നപ്പോൾ അവരുടേയും ജീവിതരീതി ദൈവം ഉദ്ദേശിച്ചതിൽ നിന്നും വ്യതിചലിച്ചു. ദൈവം പറഞ്ഞതു അങ്ങനെ തന്നെ ചെയ്താൽ ജനത്തിനു അവന്റെ കൃപ അനുഭവിക്കാം. അല്ലെങ്കിൽ ദൈവകോപം ആളുകളിൽ വരുമെന്നതിനു തർക്കമില്ല. ദൈവസഹായമില്ലാതെ നമ്മുടെ വഴികളെ നേരെയാക്കുവാൻ നമുക്ക് സാധ്യമല്ല. എന്തുകൊണ്ടാണ് ആളുകൾ അസ്വാഭാവിക സ്വഭാവങ്ങൾ അഥവാ ദുശ്ശീലങ്ങളിലേക്കു തിരിയുന്നതെന്നു അവർ തിരിച്ചറിയണം.

രക്ഷകർത്താക്കൾ തങ്ങളുടെ മക്കൾക്കു മനസിലാകുന്ന സമയത്ത് സത്യം, നീതി, ധർമ്മം എന്നിവയുടെ പ്രാധാന്യം പഠിപ്പിക്കണം. പഴയനിയമത്തിൽ ദൈവം അരുളിച്ചെയ്തതു മനുഷ്യർ നടക്കുമ്പോഴും ജോലിചെയ്യുമ്പോഴും, കിടക്കുമ്പോഴും ധ്യാനിക്കുകയും അവയെ മക്കളോടു ഉപദേശിച്ചുകൊടുക്കയും വേണമായിരുന്നു. എന്നാൽ പുതിയനിയമം മനുഷ്യരുടെ ഉള്ളിലാണ് എഴുതുന്നതു. അതു മറക്കാതിരിപ്പാനും അങ്ങനെ തന്നെ ജീവിക്കുവാനുമാണ്. മതവിശ്വാസികളായി അറിയപ്പെടുന്നവർ പോലും തങ്ങളുടെ വിശ്വാസപ്രകാരമല്ല ജീവിക്കുന്നത്. നിങ്ങൾ വിശ്വസിച്ചു പോരുന്ന മതം പറയുന്നതു അങ്ങനെ തന്നെ അനുസരിച്ചാണോ നിങ്ങൾ ജീവിക്കുന്നത്? ഓരോരുത്തനും അവനവനെ പരിശോധിക്കണം. പ്രായമായവരെ ഉപദേശിക്കുന്നതിനേക്കാൾ കുട്ടികളെ ഉപദേശിക്കുന്നതു പ്രയോജനം ചെയ്യും. ലൗകികമായും സാമ്പത്തികമായും മക്കളെ ഉയർത്തിക്കൊണ്ടുവരുവാനുള്ള ശ്രമത്തിലാണ് ഇന്നു അധികം അമ്മയപ്പന്മാരും. അതു വേണ്ട എന്നല്ല ഞാൻ പറയുന്നതു പിന്നെയോ അതിനേക്കാൾ മൂല്യം അവരുടെ സ്വഭാവത്തിനും ആത്മിയകാഴ്ച്ചപ്പാടിനും നല്കണം. അതു അവരുടെ ജീവിതത്തെത്തന്നെ മാറ്റി മറിക്കും എന്നതിനു സംശയമില്ല. എന്നേക്കും നിലനില്ക്കുന്നതാണ് ദൈവ വചനം. ആ ദൈവവചനം ആയിരിക്കണം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. ലോകവും അതിന്റെ മോഹവും ഇല്ലാതാകും. എന്നാൽ ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും. ദൈവത്തിന്റെ പരിജ്ഞാനം കൂടാതെ നമ്മുടെ ജീവിതശൈലി മാറുകയില്ല.

ആധുനിക മനുഷ്യരെ നോക്കിയാൽ അവരുടെ ജീവിതശൈലി പണ്ടുള്ളവരുടേതിൽനിന്നു വ്യത്യസ്തമാണെന്നുകാണാം. പണ്ടു അത്യാഗ്രഹവും മോഹവും കുറവായിരുന്നു എന്നാൽ ഇന്നു ജീവിക്കുന്നവരിൽ ഭൂരിഭാഗം പേരിലും അത്യാഗ്രഹവും അമിതമായ മോഹവും കാണാം. അതു അവരെ അപകടത്തിൽ ചാടിക്കും എന്നവർ മനസിലാക്കുകയില്ല. ശരീരത്തിന്റെ ഇഛകളാണ് അവ എന്നു തിരിച്ചറിയണം. ജഡാഭിലാഷം അടക്കുവാൻ കഴിവുള്ളതല്ല. ശരീരത്തിന്റെ ആഗ്രഹങ്ങൾ ദൈവഹിതമല്ലാത്ത രീതിയിൽ ചെയ്യുവാൻ ശ്രമിക്കുന്നവർ ചതിയിൽ അകപ്പെടും. അമിതമായ ആഗ്രഹങ്ങൾ നിറവേറ്റുവാൻ പണം ഉണ്ടാക്കണം. അതും അവിഹിതമാർഗത്തിൽ കണ്ടെത്തും. അപ്പോൾ ലംഘനം ഒന്നിനൊന്നു വർദ്ധിക്കും. പിന്നീടാണ് അവർ അതിന്റെ ഫലം അനുഭവിക്കുന്നത്. ആദ്യം തൽക്കാല സുഖമാണ് നോക്കുന്നത്. ഇന്നു സമൂഹത്തിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന ദുഷ്പ്രവൃത്തികളെല്ലാം ഇതിന്റെ പരിണിതഫലങ്ങളാണ്. ദൈവവുമായുള്ള ബന്ധത്തിൽ ആത്മാവിനു കീഴ്പ്പെടുന്ന മനോഭാവമുണ്ടായാൽ മാത്രമെ ഇതിനു പരിഹാരം കണ്ടെത്തുവാൻ പറ്റൂ.

ശരിയായതും തെറ്റായതുമായ ആഗ്രഹങ്ങളെ നാം തിരിച്ചറിയണം. അതിനു ദൈവപരിജ്ഞാനം വേണം. ശരിയായതിൽ ഒതുങ്ങി നിൽക്കുവാനുള്ള മനോഭാവവും നമ്മിൽ വരണം. പണ്ടുള്ളവർ ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ അതു മതി എന്നു വെക്കുമായിരുന്നു. പക്ഷെ ഇന്നുള്ളവർ അങ്ങനെ അല്ല. എത്ര കിട്ടിയാലും പോരാ എന്ന മനോഭാവം എവിടെ എത്തുമെന്നാണ് വിചാരിക്കുന്നത്? ഇല്ലാത്തതിനെ കുറിച്ചോർത്തു വിഷമിച്ചു ക്രിയാത്മകമായി പ്രവർത്തിക്കാതെ സമയം കളയുന്ന യുവാക്കൾ ധാരാളമുണ്ട്. അങ്ങനെ നിരാശപ്പെടുന്നവർക്ക് വേണ്ടതുപോലെ പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നു. സത്യവും നീതിയും അടിസ്ഥാനപ്പെടുത്തി വേണം നാം കാര്യങ്ങളെ വിലയിരുത്തുവാൻ. ദൈവഭയമാണ് എല്ലാവരിലും വേണ്ടത്. നാം സത്യത്തെ വില്ക്കുകയല്ല, വാങ്ങുകയാണ് വേണ്ടതു. അതിനു നിങ്ങൾ പുതിയനിയമത്തിലെ അപ്പൊസ്തലന്മാരുടെ ഉപദേശത്തെ മനസിലാക്കണം. അതു നമ്മുടെ ജീവിതത്തിൽ പകർത്തുമ്പോൾ അതിന്റെ അനുഗ്രഹം

നമുക്ക് ലഭിക്കും. എല്ലാവരെയും ഒരേപോലെ കാണുവാനും സ്നേഹിക്കുവാനുമാണ് നാം ശ്രമിക്കേണ്ടത്. മറ്റുള്ളവർക്ക് ഉള്ളതും നമുക്കില്ലാത്തതും വേണമെന്നു ശഠിക്കരുത്. നാം തന്നെയാണ് നമുക്ക് സന്തോഷം ഉണ്ടാക്കുന്നത്. അതില്ലാതാക്കുന്നതും നാം തന്നെയാണ്. നാം ദൈവത്തെ അനുസരിച്ച് അവനെ പ്രസാദിപ്പിക്കുമ്പോൾ, ദൈവം സന്തോഷിക്കുകയും നമുക്ക് അവനിലുള്ള വിശ്വാസത്താൽ ദൈവത്തിൽനിന്നു സമാധാനവും ലഭിക്കും.

★

# ദൈവവചനം യഥാർത്ഥമായി പ്രസംഗിക്കൽ

## J.C. ചോട്ട്

നിരവധി ആളുകൾ ഇന്നു പല രീതിയിൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്, അതിലൊന്നാണ് ബൈബിളിലെ ഏതെങ്കിലും ഒരു അദ്ധ്യായമോ, വാക്യമോ എടുത്ത്, അതു തന്നോടു വ്യക്തിപരമായ രീതിയിൽ ദൈവം സംസാരിക്കുന്നു എന്നു വിചാരിക്കുന്നത്. ഉദാഹരണമായി ദൈവം നോഹയോട് ആണ് പണ്ട് പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞതു, കൂടാതെ മൃഗയാഗം അർപ്പിക്കുവാൻ ദൈവം പണ്ട് ആജ്ഞാപിച്ചിരുന്നു. വർഷത്തിൽ മൂന്നു പ്രാവശ്യം യെരുശലേമിൽ പോകുവാനും കല്പിച്ചിരുന്നു. ഇന്നു ശബ്ബത്ത് ആചരിക്കണം, ദശാംശം കൊടുക്കണമെന്നു പഴയനിയമം വായിച്ചിട്ടു പറഞ്ഞാൽ, അവർ വാസ്തവത്തിൽ ദൈവവചനയാഥാർത്ഥ്യം മനസിലാക്കിയിട്ടില്ല എന്നർത്ഥം. ചുരുക്കി പറഞ്ഞാൽ അവർ ദൈവത്തിന്റെ സത്യവചനത്തെ ശരിയായി പഠിപ്പിക്കുന്നില്ല.

അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു, "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നില്പാൻ ശ്രമിക്ക" (2 തിമൊഥെയൊസ് 2:15). ഒരാൾക്കു ദൈവേഷ്ടം അറിയണമെന്നുണ്ടെങ്കിൽ അയാൾ തീർച്ചയായും വചനം പഠിക്കണം. ഒരു വ്യക്തി വചനം പഠിച്ചാലും ചിലപ്പോൾ എന്തു ചെയ്യണം എന്നറിയാതെ പരിഭ്രമത്തിലായേക്കാം.

എന്നാൽ പ്രധാനം ശരിയായി പഠിക്കയും പഠിപ്പിക്കയും ചെയ്യുക എന്ന താണ്. അതിന്റെ എർത്ഥം എന്തെന്നു നമുക്ക് നോക്കേണ്ടതുണ്ട്.

ബൈബിൾ എഴുതപ്പെട്ടതു ഏതാണ്ട് ആയിരത്തി അഞ്ഞൂറു വർഷമെടുത്താണ് എന്നതു ഓർക്കണം. അതിലുള്ളതു എല്ലാം നിങ്ങൾക്കുള്ളതല്ല. എന്നാൽ നിങ്ങൾക്ക് ഉള്ളതുമുണ്ട്. അത് ഇവിടെ അല്പം അവിടെ അല്പം, ചട്ടത്തിന്മേൽ ചട്ടം സൂത്രത്തിന്മേൽ സൂത്രം എന്നിങ്ങനെയാണ്. അതു തരം തിരിച്ചു മനസിലാക്കുക എന്നതു നമ്മുടെ കടമയാണ്. മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്ന പല ദുരുപദേശങ്ങളും നിലവിലുണ്ട്. അതുകൊണ്ട് ശരിയായി വചനം പഠിക്കുകയും മനസിലാക്കുകയും വേണം. മുൻവിധിയോ മുന്ന റിവോ വെച്ച് നാം വചനം പഠിക്കുവാനിരിക്കരുത്. നിഷ്പക്ഷമാ യിട്ടു ദൈവം എന്നോടു സംസാരിക്കട്ടെ എന്ന നിലപാടോടും കൂടെ വേണം പഠിക്കുവാൻ.

ആരംഭമായി ''ബൈബിൾ'' എന്ന വാക്കിന്റെ അർത്ഥം, ''പുസ്തകം'' എന്നാണ്. വേദപുസ്തകത്തിൽ പഴയനിയമമെന്നും പുതിയനിയമമെന്നും മുഖ്യമായി രണ്ടായി വിഭാഗിച്ചിരിക്കുന്ന അറു പത്തിയാറു പുസ്തകങ്ങളാണുള്ളത്. അനേക കാലങ്ങളിലെ സംഭ വങ്ങളും ദൈവത്തിന്റെ കല്പനകളും, വാഗ്ദാനങ്ങളും, പ്രവൃ ത്തികളും ഉൾപ്പെടുന്നതാണ് പഴയനിയമം. അതിലെ ആദ്യകാലത്തെ അറിയപ്പെടുന്നതു പിതാക്കന്മാരുടെ കാലം എന്നാണ്. അതു ആദാ മിന്റേയും ഹവ്വയുടേയും കാലത്തു തുടങ്ങി രണ്ടായിരത്തി അഞ്ഞൂറു വർഷങ്ങൾ നീണ്ടതാണ്. ആ സമയത്തു ദൈവം തന്നെ അനുസരിച്ചിരുന്ന വീടുകളിലെ പിതാക്കന്മാരോടു നേരിട്ടു സംസാ രിച്ചിരുന്നു. ആ കാലത്തു എഴുതപ്പെട്ട ഒരു നിയമം ഇല്ലായിരുന്നു. ആ കാലത്തെ കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകമാണ് ഉല്പത്തി പുസ്തകം.

രണ്ടാമത്തെ കാലം അറിയപ്പെടുന്നതു മോശെയുടെ കാലം എന്ന പേരിലാണ്. അതു ആയിരത്തി അഞ്ഞൂറു വർഷത്തോളമാ യിരുന്നു. മോശെ മുതൽ ക്രിസ്തുവിന്റെ മരണം വരെ ആ കാലം നീളുന്നു. അബ്രഹാമിന്റെ പിൻഗാമികളായ ദൈവജനമായിരുന്ന യിസ്രായേലിനെ ഭരിച്ചിരുന്നതു അവൻ മോശെക്കു കൊടുത്ത നിയ മപ്രകാരമായിരുന്നു. അവരെ തിരഞ്ഞെടുത്ത് ഒരു നിയമം കൊടു

ക്കുവാനുള്ള പ്രത്യേക കാരണം ദൈവപുത്രനെ അവരിൽ ജനിപ്പിക്കുവാനായിരുന്നു. ദൈവവാഗ്ദാനം നിവർത്തിക്കുന്നതിനുമായിരുന്നു. ലോകത്തിനു അടിസ്ഥാനം ഇടുന്നതിന് മുൻപുതന്നെ ദൈവം ഒരുക്കിയ പദ്ധതിയായിരുന്നു ഇത്.

നാം പിതാക്കന്മാരുടെയോ, മോശെയുടേയോ കാലത്തിലല്ല ജീവിക്കുന്നത് എന്നതു തീർച്ചയാണ്. അപ്പോൾ പിന്നെ അവശേഷിക്കുന്നതു ക്രിസ്തീയകാലഘട്ടം മാത്രമേയുള്ളൂ. അതുകൊണ്ടു നാം ഇപ്പോൾ ക്രിസ്തീയകാലത്തിലാണ് - ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണ്. നാം ജീവിക്കുന്ന കാലത്ത് പ്രാബല്യത്തിലിരിക്കുന്ന നിയമമാണ് നാം അനുസരിക്കേണ്ടത്. അപ്പോൾ എന്തിനാണ് പഴയനിയമം എന്ന ചോദ്യം ഉയർന്നേക്കാം. അതിന്റെ ഉത്തരവും പുതിയനിയമത്തിൽ നൽകുന്നുണ്ട്. അതിലെ ചരിത്രവും, മാതൃകയും നമ്മുടെ ബുദ്ധിയുപദേശത്തിനായിട്ടാണ് തന്നിരിക്കുന്നത്. അതായത് അവർ ചെയ്തതുപോലെയുള്ള ദുഷ്പ്രവൃത്തികൾ ചെയ്താൽ എന്തായിരിക്കും ഫലമെന്നും, അവർ ചെയ്ത സൽപ്രവൃത്തികൾ ചെയ്താൽ എന്തായിരിക്കും നേട്ടം എന്നും നമുക്ക് വേർതിരിച്ചറിയാം. അതു പണ്ടുള്ളവർക്കു ലഭിക്കാതിരുന്ന ഒന്നാണ്. അതുകൊണ്ടു ഇന്നു ആരും പഴയനിയമം അനുസരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. പലരും പഴയനിയമവും പുതിയനിയമവും ആളുകളെ പഠിപ്പിച്ച് രണ്ടിലും ഉള്ള ചില കാര്യങ്ങളെ അവർക്കു പ്രയോജനപ്പെടുന്ന വിധത്തിൽ ആചരിപ്പിക്കും.

നാം പുതിയനിയമത്തിൻ കീഴിലുള്ളവരായതുകൊണ്ടു പഴയനിയമത്തിലെ മൃഗയാഗം നാം അർപ്പിക്കേണ്ടതില്ല. കാരണം ക്രിസ്തു തന്റെ ശരീരവും രക്തവും ദൈവത്തിനു പ്രസാദകരമായ യാഗമായി സമർപ്പിച്ചു. തികവുള്ള യാഗത്താൽ പാപമോചനം അവൻ പൂർണ്ണമാക്കി. പഴയനിയമകാലത്ത് നോഹയോടു ദൈവം പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞു. എന്നാൽ നാം അതു അനുസരിക്കേണ്ട ആവശ്യമില്ല. കാരണം അതെല്ലാം വേറെ നിയമങ്ങൾ നിലവിലിരുന്നതായ കാലത്തു കൊടുത്തതാണ്. എന്നാൽ നമുക്ക് ദൈവത്തോടും അവന്റെ നിയമത്തോടും ഉള്ള ഉത്തരവാദിത്വം നാം നിറവേറ്റണം. അതാണ് ക്രിസ്തുവിന്റെ ഉപദേശങ്ങളാകുന്ന പുതിയ നിയമം. നാം അവ അനുസരിക്കാതിരുന്നാൽ അതേ നിയമം അനു

സരിക്കാത്തതിനു നാം ശിക്ഷിക്കപ്പെടും എന്നോർക്കണം. പഴയനിയമം കല്പലകകളിലും ചുരുളുകളിലും എഴുതപ്പെട്ടിരുന്നെങ്കിൽ പുതിയനിയമം നമ്മുടെ ഹൃദയങ്ങളിലാണ് എഴുതുന്നത്. ശ്രേഷ്ഠമായ പുതിയനിയമത്തെ വിട്ടു ആളുകൾ കുറവുള്ള പഴയനിയമത്തിലേക്കു പോകുന്നതു ഖേദകരമാണ്. ആ അജ്ഞത മനുഷ്യർ മാറ്റണം, ക്രിസ്തുവിന്റെ പരിജ്ഞാനത്തിലെത്തണം. ഇന്നു സകല മനുഷ്യരെകുറിച്ചും ദൈവം ആഗ്രഹിക്കുന്നത് അതാണ്.

ദൈവവചനം യഥാർത്ഥമായി പഠിക്കുവാനും പഠിപ്പിക്കുവാനും സഹായിക്കുന്ന യുക്തിപരമായ ചില ചോദ്യങ്ങൾ ചോദിക്കുന്നതു നന്നായിരിക്കും. ആദ്യം ചോദിക്കേണ്ടതു ആരാണ് സംസാരിക്കുന്നത്? ദൈവമാണോ അതോ സാത്താനാണോ? അതറിഞ്ഞില്ലെങ്കിൽ നാം കുഴഞ്ഞുപോകും. അതോ ബൈബിളിലെ മറ്റേതെങ്കിലും വ്യക്തിയാണോ സംസാരിക്കുന്നത്? രണ്ടാമതു പോദിക്കേണ്ടതു അത് ആരോടാണ് സംസാരിക്കുന്നത്? അതു അവിശ്വാസിയോടാണോ അതോ ക്രിസ്ത്യാനിയോടോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയോടാണോ പറയുന്നതു എന്നു നോക്കണം. മൂന്നാമതായി അതു എപ്പോഴാണ് സംസാരിച്ചത്? അതു പഴയനിയമകാലത്തോ അതോ ക്രിസ്തീയ കാലത്തിന്റെ പ്രാരംഭഘട്ടത്തിലോ (അത്ഭുതങ്ങളും അടയാളങ്ങളും വീര്യപ്രവൃത്തികളും ദൈവവചനം ഉറപ്പിക്കുവാൻ നടന്ന സമയം) അല്ലെങ്കിൽ ക്രിസ്തീയകാലത്തുള്ള എല്ലാവരോടുമാണോ? നാലാമതായി ചോദിക്കേണ്ടതു എന്തുകൊണ്ടാണ് അത് എഴുതിയിരിക്കുന്നത്? ദൈവം ഒരു പ്രത്യേക കാലഘട്ടത്തിനോ അവസ്ഥക്കോ വ്യക്തിക്കോ വേണ്ടി ചില പ്രത്യേക സത്യമോ മാർഗനിർദ്ദേശങ്ങളോ വെളിപ്പെടുത്തുവാൻ ആഗ്രഹിച്ചോ?

ഇത്രയും മനസിലാക്കി നിങ്ങൾ ബൈബിൾ വായിക്കുകയാണെങ്കിൽ തീർച്ചയായും അതിലെ സന്ദേശം നിങ്ങളോടാണോ അതോ മറ്റു വല്ലവരോടുമാണോ പറയുന്നതെന്നു ഇപ്പോൾ നിങ്ങൾക്കു തിരിച്ചറിയുവാൻ കഴിയും എന്നാണെന്റെ പ്രത്യാശ. ആ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തിയാൽ കാര്യങ്ങൾ എളുപ്പത്തിൽ മനസിലാകും, തെറ്റിദ്ധാരണയും നീങ്ങും. അപ്പോൾ ഏതൊരു ദുരുപദേശത്തിനും നിങ്ങളെ കീഴ്പ്പെടുത്തുവാൻ സാധ്യമല്ല. ദൈവം പറഞ്ഞിരിക്കുന്നതു നാം ചെയ്യണോ? എങ്കിൽ അത് എപ്പോൾ ചെയ്യ

ണം, എങ്ങനെ ചെയ്യണം എന്നിവയെല്ലാം ഗ്രഹിക്കുമ്പോൾ ശരിയായി പ്രതികരിക്കുവാനും കഴിയും.

നിങ്ങളുടെ ബൈബിൾ പഠനത്തിനു ഉപകരിക്കുന്ന ബൈബിൾ നിഘണ്ടു വാങ്ങി ഉപയോഗിക്കാവുന്നതാണ്. കഴിയുമെങ്കിൽ ബൈബിൾ കൺകോർഡൻസും വാങ്ങി ഉപയോഗിക്കുക. നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള വാക്യങ്ങൾ എവിടെയാണെന്നു മനസിലാക്കുവാൻ അതു ഉപകരിക്കും. അതുപോലെ ബൈബിൾ വ്യാഖ്യാനപുസ്തകങ്ങളും ലഭിക്കുന്നതാണ്. അതെല്ലാം ഉപയോഗിക്കുന്നതു ശ്രദ്ധിച്ചു വേണമെന്നു മാത്രം. കാരണം വാക്കുകളുടെ അർത്ഥവും വ്യാഖ്യാനവും നാമധേയവിഭാഗങ്ങളിലെ പണ്ഡിതന്മാരാണ് എഴുതുന്നതെങ്കിൽ അവരുടെ വിശ്വാസം അതിൽ കടന്നു കൂടാൻ സാധ്യതയുണ്ട്. ഇതെല്ലാം വെച്ചുകൊണ്ട് നിങ്ങൾ സ്വയമായി ബൈബിൾ പഠിക്കുവാൻ തുടങ്ങുകയാണെങ്കിൽ വളരെ പ്രയോജനം ചെയ്യും. പ്രാർത്ഥനയോടെ വേണം പഠനം തുടങ്ങുവാൻ. കാരണം ശരിയായി മനസിലാക്കുവാൻ ദൈവസഹായം കൂടിയേ തീരൂ. കാരണം അതു ദൈവത്തിന്റ വചനമാണ്. ബൈബിൾ തന്നെ ബൈബിളിനെ വ്യാഖ്യാനിക്കുവാൻ അനുവദിക്കണം. മുൻവിധി അക്കാര്യത്തിൽ പാടില്ല. ദൈവേഷ്ടം പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നതു ബൈബിളിലാണ്. മനുഷ്യരുടെ ജീവിതം നന്നായിരിക്കേണ്ടതിനാണ് തിരുവെഴുത്ത് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്.

മാർഗമദ്ധ്യേ സാത്താൻ നിങ്ങളുടെ ചിന്തയെ മാറ്റും, ഇതു മനസിലാക്കുവാൻ ബുദ്ധിമുട്ടാണ്, ഇതു എപ്പോൾ വായിച്ചു തീരുവാനാണ്, നിനക്കു വേറെ എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ കിടക്കുന്നു എന്നെല്ലാം ഉള്ളിൽ തോന്നൽ ജനിപ്പിക്കും. അതു നിങ്ങളെ പിന്തിരിപ്പിക്കുവാനാണ്. സാത്താൻ നിങ്ങളുടെ മനസിനെ കുരുടാക്കുകയും പഠിക്കുന്നതു ചെയ്യാതിരിക്കുവാൻ എല്ലാ തന്ത്രങ്ങളും അവൻ നിരത്തും. നിങ്ങൾ വിശ്വസിച്ചിരിക്കുന്നതിൽ നിലനിന്നാൽ മതി സഭ മാറേണ്ട കാര്യമില്ല എന്നിങ്ങനെയുള്ള മുട്ടു ന്യായങ്ങൾ നിരത്തുന്നതു പിശാചാണ്. ബൈബിൾ എല്ലാവർക്കുമുള്ള സന്ദേശമാണ് എന്നറിയുക.

★

# വിശ്വാസ്യവചനത്തെ മുറുകെ പിടിക്കൽ

## ക്ലെം തർമാൻ

ദൈവവചനത്തിന്റെ പ്രസക്തി വളരെ വലുതാണ് എന്നു നിരവധി വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. "പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസ്യ വചനം മുറുകെ പിടിച്ചുകൊള്ളുന്നവനും ആയിരിക്കേണം" (തീത്തൊസ് 1:9). മനുഷ്യർ എല്ലായ്പോഴും താന്താന്റെ വഴിക്കു തിരിയുന്നവരാണെന്നു ചരിത്രം പരിശോധിച്ചാൽ മനസിലാകും. അതുകൊണ്ട് അവർ ദൈവത്തിന്റെ വഴിയിൽനിന്നും മാർഗരേഖയിൽനിന്നും വിട്ടുമാറി സഞ്ചരിക്കുന്നു. അതു ആദാമിലും ഹവ്വയിലും തുടങ്ങി ഇന്നും തുടരുന്നു. ഏദെൻ തോട്ടത്തിൽ അനവധി നിയമങ്ങൾ ദൈവം നല്കിയിരുന്നില്ല. അവർക്കിടയിലേക്കു സർപ്പം കടന്നുവന്നു ഉപായത്താൽ ഹവ്വയെ വഞ്ചിക്കുകയും അതിൽ ആദാമും ഇരയായി ശിക്ഷാർഹനാകുകയും ചെയ്തു.

അവരുടെ മകനായി ജനിച്ച കയ്യീനിലും അതേ സ്വഭാവമാണ് കാണുന്നത്. ദൈവേഷ്ടത്തോടു മൽസരിച്ചു പാപം വർദ്ധിപ്പിക്കുകയാണ് ചെയ്തത് (ഉല്പത്തി 4:7). തന്റെ ഇഷ്ടത്തെ ദൈവം മാനിക്കാതിരുന്നപ്പോൾ അവനു തന്റെ സഹോദരനോടു നീരസം ഉണ്ടാവുകയും അവനെ കൊല്ലുകയും ചെയ്തു (ഉല്പത്തി 4:8 മുതൽ). തുടർന്നു യിസ്രായേൽ ദേശത്തെ ദൈവപദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തു. അവർക്കു ദൈവം ഒന്നിലധികം നിയമങ്ങളും വാഗ്ദാനവും നൽകി. ആ നിയമം പാലിക്കാമെന്നു അവർ ദൈവത്തോടു പ്രതിജ്ഞയുമെടുത്തിരുന്നു (പുറപ്പാട് 24:3). എന്നാൽ അധികം വൈകാതെ അവർ ദൈവത്തോടു മൽസരിച്ചു മാനുഷ വഴികളിലേക്കു തിരിഞ്ഞു. സാത്താൻ ദൈവത്തിനെതിരായി മനുഷ്യരെ ഉപയോഗിച്ചുകൊണ്ടാണിരിക്കുന്നത്. അതു തിരിച്ചറിയുവാനുള്ള കഴിവു മനുഷ്യർക്ക് ഇല്ലാതെ പോകുന്നു. അവൻ മനുഷ്യരെ ആകർഷിക്കുകയും വശീകരിക്കുകയും ചെയ്തു കുഴിയിൽ വീഴ്ത്തുകയാണ്.

ദൈവത്തിൽനിന്നു വേർപെട്ടു അധർമ്മത്തിൽ മുഴുകിയ ഒരു തലമുറയെ ഒരു കുടുംബം ഒഴിച്ച് മുഴുവൻ ജനത്തെയും നശിപ്പിക്കുവാൻ ദൈവം തീരുമാനിക്കുകയും അവരെ ജലപ്രളയത്താൽ നശിപ്പിക്കുകയും ചെയ്തു. ദൈവജ്ഞാനത്തിലും ദൈവവഴിയിലും വിശ്വസ്തമായി നിലനില്ക്കുവാൻ ആളുകൾക്കു കഴിഞ്ഞില്ല. ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും അതിന്റെ അവസാനമോ മരണവഴികൾ അത്രേ (സദൃശവാക്യങ്ങൾ 14:12). അപ്പൊസ്തലനായ പൗലൊസ് എഴുതി, ''ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും. ജ്ഞാനി എവിടെ, ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വം ആക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി'' (1 കൊരിന്ത്യർ 1:18-21). ശാസ്ത്രം, തത്വശാസ്ത്രം, മനശാസ്ത്രം എന്നിങ്ങനെയുള്ള മനുഷ്യരുടെ ജ്ഞാനത്തിൽ അവർ അഹങ്കരിക്കുകയും, ദൈവജ്ഞാനത്തെയും ദൈവത്തിന്റെ നീതിയുടെ വഴിയെയും അവഗണിക്കുകയും ചെയ്യും. സ്വന്തവിവേകത്തിൽ ഊന്നി ജീവിക്കുവാൻ ശ്രമിക്കുന്ന മനുഷ്യൻ മതപരമായ കാര്യങ്ങളെ തള്ളിക്കളയും. അതു ദൈവകോപത്തിനിടയാക്കും.

ലൗകികജ്ഞാനത്തെ ഭോഷത്വമാക്കിക്കൊണ്ടു ദൈവം തന്റെ ജ്ഞാനത്തെ കർത്താവിന്റെ സഭയിൽ വെച്ചിരിക്കുന്നു. പക്ഷെ ലോകജ്ഞാനം കർത്താ വിന്റെ സഭയിലേക്കും കടന്നു വരുവാനിടയുള്ളതുകൊണ്ടു നാം തിരുവെഴുത്തുകളെക്കുറിച്ച് അറിവില്ലാതിരിക്കരുത്. ആത്മിയതാല്പര്യക്കുറവു വരുത്തുകയും ശരിയായ ഉദ്ദേശത്തിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കയും ചെയ്യും. വിട്ടുവീഴ്ച്ച ചെയ്യാനാകാത്തതാണ് സത്യ സുവിശേഷം. പക്ഷെ ഇന്നത്തെ എല്ലാ നാമധേയവിഭാഗങ്ങളും ലൗകികമായ കാഴ്ച്ചപ്പാടുകളാൽ സത്യരക്ഷയെ തള്ളിക്കളഞ്ഞു പകരം സംവിധാനം ഏർപ്പെടുത്തിയിരിക്കയാണ്. കർത്താവിന്റെ സഭയിലുള്ളവർ സഭയെ നിർമ്മലവും ശുദ്ധവുമായി നിലനിർത്തേണ്ടതാണ്. ദൈവത്തിന്റെ സത്യത്തിൽ നിന്നു ജനങ്ങൾ അകന്നു പോകാതിരിക്കേണ്ടതിനു നാം ചില കാര്യ

ങ്ങൾ ശ്രദ്ധിക്കുകയും പാലിക്കുകയും വേണം. യേശു അപ്പൊസ്തലന്മാരെ പഠിപ്പിച്ചതായ സകല സത്യവും പുതിയനിയമത്തിലുണ്ട്. അതായതു നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതൊക്കെയുമുണ്ട്. അതുകൊണ്ടു നാം ഒന്നിനും കുറവില്ലാത്തവരായി ജീവിക്കുവാൻ തന്നിരിക്കുന്ന വചനയാഥാർത്ഥ്യത്തെ അറിയാതിരിക്കരുത്.

## സുവിശേഷശക്തി പ്രസംഗിക്കുക

ക്രിസ്തുവിനെകുറിച്ചും സുവിശേഷത്തെക്കുറിച്ചും ഉള്ള ശരിയായ കാഴ്ച്ച ചിലർക്കു നഷ്ടമായിരിക്കുന്നു എന്നു പറയാതെ നിർവ്വാഹമില്ല. ''ആളുകളുടെ ആവശ്യങ്ങളെക്കുറിച്ചു പ്രസംഗിക്കണം'' എന്നു ധാരാളം ആളുകൾ പറഞ്ഞുകേൾക്കാറുണ്ട്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്, ആളുകൾ അന്യോന്യം ബിസിനസിനും മറ്റു കുടുംബപരമായ ആവശ്യങ്ങൾക്കുമായി ബന്ധപ്പെട്ടാണ് സമൂഹത്തിൽ ജീവിക്കുന്നത്. അത്തരം ചിന്തയാണ് ആളുകളെ അവരുടെ സാമൂഹ്യാവശ്യങ്ങൾ നിറവേറ്റുന്നതിനെകുറിച്ചു പ്രസംഗിക്കുന്നത്. എന്നാൽ സത്യം എന്തെന്നാൽ മനുഷ്യനു പല ഭൗതിക ആവശ്യങ്ങളുണ്ടെന്നും അതു നിറവേറ്റേണ്ടതാണെന്നും ഉള്ളതു തള്ളിക്കളയുന്നില്ല. പക്ഷെ മനുഷ്യന്റെ ഏറ്റവും മുഖ്യമായ ആവശ്യം ആത്മാവിന്റെ വിശപ്പും ദാഹവുമാണ്.

നമ്മുടെ ഏറ്റവും വലിയ പ്രശ്നം പാപമാണ്. അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന തെറ്റുകളാണ് നമ്മുടെ സന്തോഷവും സമാധാനവും സ്വസ്ഥതയും നഷ്ടപ്പെടുത്തുന്നത്. അതു തിരികെ കിട്ടുവാൻ നാം ദൈവത്തിൽ ശരണം പ്രാപിക്കണം. ആ പ്രശ്ന പരിഹാരത്തിനു ദൈവം വെച്ചിരിക്കുന്നതാണ് സുവിശേഷപ്രസംഗം. ഭൗതികകാര്യങ്ങളെ കുറിച്ചു വ്യാകുലപ്പെടുന്നവരോടു കർത്താവു പറഞ്ഞതു, ''നിങ്ങൾ മുൻപേ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ എല്ലാം നിങ്ങൾക്കു കിട്ടും'' എന്നാണ് (മത്തായി 6:33). ''സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല അതു വിശ്വസിക്കുന്നവർക്ക് രക്ഷക്കായുള്ള ദൈവശക്തിയത്രേ...ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസില്ലാത്തവരായിത്തീർന്നു, ക്രിസ്തുയേശുവിലുള്ള വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ കൃപയാൽ നമ്മെ നീതീകരിക്കുന്നത് (റോമർ 1:16; 3:23, 24).. ഭൗതികമായതല്ല ഇതിന്റെ ഫലം. ആത്മീയമാണ്.

ഇന്നത്തെ അനേകരെക്കുറിച്ചു ദൈവം മുൻകൂട്ടി അറിയിച്ചിട്ടുണ്ട്, ''എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു'' (1 തിമൊഥെയൊസ് 4:1). വീണ്ടും അപ്പൊസ്തലനായ പൗലൊസ് പറയുന്നു, ''അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ്, സ്വന്തമോഹങ്ങൾക്കൊത്തവണ്ണം സത്യത്തിനു ചെവികൊടുക്കാതെ, കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും'' (2 തിമൊഥെയൊസ് 4:3, 4). പടിപടിയായി ആളുകളുടെ താല്പര്യങ്ങളിലുണ്ടാകുന്ന മാറ്റം ആദ്യമൊന്നും അവരത്ര കാര്യമാക്കാതെ മുമ്പോട്ടു പോകും. അവസാനം അവരുടെ പൂർണ്ണമായ അകൽച്ച സംഭവിക്കുമെന്നതു തീർച്ചയാണ്.

ബൈബിൾ വെറുമൊരു നല്ല പുസ്തകം മാത്രമല്ല. അപ്പൊസ്തലനായ പൗലൊസ് പറഞ്ഞതുപോലെ അതു ദൈവത്തിന്റെ വചനമാണ്. ദൈവശ്വാസിയമായതും എന്നേക്കും നിലനില്ക്കുന്നതുമാണ്. അതു നമ്മുടെ പ്രയോജനത്തിനു വേണ്ടിയുള്ളതാണ്. തികവുള്ളതും നമ്മെ തികഞ്ഞവരാക്കുന്നതുമാണ്. വാസ്തവത്തിൽ അതിൽകൂടെ ദൈവം സംസാരിക്കുകയാണ്. ബൈബിൾ മനസിലാക്കുവാൻ പുതിയൊരു വെളിപ്പാടോ വ്യാഖ്യാനമോ ആവശ്യമില്ല. അതു നാം വായിച്ചു മനസിലാക്കണമെന്നു മാത്രം. അതിനുള്ള മനസു നമുക്ക് വേണമെന്നു മാത്രം. അതു വായിച്ചാൽ മനസിലാകുന്ന വിധത്തിലാണ് എഴുതിയിരിക്കുന്നത് (എഫെസ്യർ 3:3, 4). എന്നിട്ടും വളരെ പേർ ബൈബിൾ മനസിലാക്കുവാൻ കഴിയുന്നില്ല എന്നു പറയുന്നതു ഏതർത്ഥത്തിലാണ് എന്ന് മനസിലാകുന്നില്ല. നമ്മെ സ്നേഹിക്കുന്ന നല്ലവനായ നമ്മുടെ പിതാവു മനസിലാകാത്ത എന്തെങ്കിലും നമുക്ക് തരുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? തീർച്ചയായും ഇല്ല. നമുക്ക് ബൈബിൾ സന്ദേശം വിശ്വസിച്ച് തിരുവെഴുത്തുകൾ പ്രസംഗിക്കുന്നവരാകാം.

## സഭയുടെ "ഏകത്വത്തെ" കുറിച്ചു പ്രസംഗിക്കുക

ദൈവാത്മാവിനാൽ ഉൽപ്പാദിക്കപ്പെട്ട സഭ മാത്രമാണ് ആത്മിയ സഭ. അല്ലാത്തത് ഏതും ഭൗതികമാണ് (1 പത്രൊസ് 2:4). അവർ കർണ്ണരസമാകുമാറ് പാടിയേക്കാം. കൂട്ടായ്മ വളരെ ഉദാത്തവുമാ

യിരിക്കാം. എന്നാൽ ദൈവം സ്വീകരിക്കണമെങ്കിൽ ആത്മിയമായിരിക്കണം; ദൈവത്തിന് സൗരഭ്യവാസനയായിരിക്കണം. ദൈവത്താൽ ആജ്ഞാപിക്കപ്പെട്ട യാഗം ആത്മിയമല്ല എന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? എന്റെ വിവേചനബുദ്ധി ശരിയാണെങ്കിൽ എബ്രായർ 13:15-ൽ പറയുന്ന യാഗവും പുകഴ്ചയും എഫെസ്യർ 5:19-ൽ പറയുന്നതുപോലെ ആത്മീയം തന്നെയാണ്. യേശു പറഞ്ഞു, ''ഞാൻ എന്റെ സഭയെ പണിയും (മത്തായി 16:18). സഭകൾ പണിയുമെന്നല്ല, മറിച്ചു സഭ പണിയുമെന്നാണ് പറഞ്ഞത്. തന്നിൽ വിശ്വസിപ്പാനിരിക്കുന്നവരെല്ലാം ഒന്നായി തീരണം എന്നാണ് കർത്താവു പ്രാർത്ഥിച്ചത്.

പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാം ഒന്നായി ഒരാട്ടിൻകൂട്ടവും ഒരു തൊഴുത്തുമാകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പക്ഷെ മനുഷ്യർ അതിനു വ്യത്യസ്തമായി ചിന്തിക്കുന്നു. കൊരിന്ത്യസഭയിൽ ഭിന്നിപ്പ് ആരംഭിച്ചപ്പോൾ പൗലൊസ് അതിനെ നിശിതമായി വിലക്കി. ക്രൂശിക്കപ്പെട്ട ക്രിസ്തുവും അവന്റെ വചനവുമാണ് ആളുകളെ രക്ഷിക്കുന്നത്. യേശുവോ അപ്പൊസ്തലന്മാരോ ഒരിക്കലും ഒരു നാമധേയവിഭാഗം സ്ഥാപിച്ചിട്ടില്ല. ഇന്നു നാമധേയവിഭാഗങ്ങളിലുള്ളവർ പുതിയനിയമത്തിലേക്കു മടങ്ങിവരണം. വിഭാഗരഹിതമായ കർത്താവിന്റെ സഭയിലേക്കു തിരിച്ചുവരുവാനുള്ള വിവേകം അവർക്കു ദൈവം നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കാരണം ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല എന്നു വചനം പറഞ്ഞിരിക്കുന്നു. ദൈവം വെറുക്കുന്ന ഒന്നാണ് ഭിന്നത. ഭിന്നിപ്പുണ്ടാക്കുന്നതു ശത്രുവാണ്. ഉപദേശവും, വിശ്വാസവും, ആരാധനയും ക്രിസ്തുവിന്റേതായാൽ മാത്രമെ നമുക്ക് അവനെ പ്രസാദിപ്പിക്കുവാൻ കഴിയൂ. മനുഷ്യൻ കണ്ടുപിടിച്ച ഏതു സഭയായാലും അതു കർത്താവിന്റെ സഭക്കു പകരം ആകയില്ല. ദൈവത്തിന്റെ സകല ആത്മികമായ അനുഗ്രഹങ്ങളും കർത്താവിന്റെ സഭയിൽ ആണ് ഉള്ളത്. കർത്താവിന്റെ സഭക്കു പുറത്ത് യാതൊരു ആത്മിയാനുഗ്രഹങ്ങളുമില്ല. സഭയുടെ വിശ്വാസവും, ആരാധനയും, പരിശീലനവും, ക്രിസ്തുവിന്റെ വചനപ്രകാരം ആയിരിക്കും.

## രക്ഷാപദ്ധതിയെ കുറിച്ചു പ്രസംഗിക്കൽ

നാം വിശ്വാസ്യവചനം മുറുകെ പിടിക്കുന്നുവെങ്കിൽ, പാപികൾ രക്ഷിക്കപ്പെടേണ്ടതെങ്ങനെ എന്നു നാം അവർക്കു വ്യക്തമായി കാണിച്ചുകൊടുക്കും. വചനപ്രകാരമുള്ള രക്ഷാപദ്ധതി ഒരു നാമധേയവിഭാഗവും പഠിപ്പിക്കുന്നില്ല. അവർക്ക് ആ സത്യം മറഞ്ഞുകിടക്കുകയാണ്. ഈ ലോകത്തിന്റെ മനസു അവിശ്വാസികളുടെ മനസു കുരുടാക്കി വെച്ചിരിക്കയാണ്. "സുവിശേഷം സർവ്വഭൂമിയിലും സകല സൃഷ്ടിയോടും പ്രസംഗിക്കുവാനാണ്" യേശു പറഞ്ഞത് (മർക്കൊസ് 16:15, 16). സഭ ആരംഭിച്ച ദിവസം പത്രൊസ് തന്റെ പ്രസംഗത്തിൽ വിശ്വസിച്ചവരോടു പറഞ്ഞതു "നിങ്ങൾ മാനസാന്തരപ്പെട്ട് ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38). ഫലം എന്തായിരുന്നു? അവന്റെ വചനം കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു (പ്രവൃത്തികൾ 2:41, 47). വിശ്വാസ്യവചനം ഇന്നും കേട്ടു വിശ്വസിച്ചു അനുസരിക്കുന്നവരെ കർത്താവു രക്ഷിച്ചു സഭയോടു ചേർക്കും. നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്തു എന്നു കർത്താവു ചോദിക്കുന്നു (ലൂക്കൊസ് 6:46).

ഇന്നു സുവിശേഷപ്രസംഗങ്ങൾ ധാരാളം നാനാകോണുകളിൽനിന്നു കേൾക്കുന്നുണ്ട്. അതു നല്ലതും ആവശ്യവുമാണ്. പക്ഷെ സുവിശേഷത്തിൽ കൂട്ടുചേർക്കുന്നവർ അഥവാ മായം ചേർക്കുന്നവർ ധാരാളം ഉണ്ട്. പഴയനിയമത്തിലും പുതിയനിയമത്തിലും വചനത്തോടു കൂട്ടുചേർക്കുന്നതിനെ ദൈവം വിലക്കിയിട്ടുണ്ട്. എന്നാൽ ആളുകൾ അതു കാര്യമാക്കുന്നില്ല. അതുകൊണ്ടുണ്ടാകുന്ന കുഴപ്പം എന്തെന്നാൽ പ്രസംഗിക്കുന്നവർ ശിക്ഷിക്കപ്പെടുകയും അവരെ കേട്ട് അനുസരിക്കുന്നവർ നിത്യനരകത്തിനിരയാവുകയും ചെയ്യും. ആ നാശം ഒഴിവാക്കുവാനാണ് അപ്പൊസ്തലൻ മുന്നറിയിച്ചിരിക്കുന്നത്. അപ്പൊസ്തലന്മാർ ദൈവശ്വാസീയമായി സത്യ സുവിശേഷം

അറിയിച്ചശേഷം പറയുന്നത്, ഇനി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ വേറൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ് (ഗലാത്യർ 1:6-9). അതിന്റെ ഗൗരവം എത്ര സുവിശേഷകന്മാർ മനസിലാക്കുന്നുണ്ട്. കൃപയാലത്രേ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. കാരണം നാമെല്ലാം ദൈവത്താൽ രക്ഷിക്കപ്പെടുവാൻ യോഗ്യരല്ല. അതുകൊണ്ടാണ് രക്ഷ കൃപയാൽ നൽകുവാൻ തീരുമാനിച്ചത്.

നാം പാപികളായിരിക്കുമ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചു. ക്രിസ്തുവിന്റെ യാഗം ദൈവത്തിനു പ്രസാദകരമായി തീർന്നു. എന്നാൽ രക്ഷിക്കുന്ന വിശ്വാസം അനുസരണത്തോടുകൂടിയ വിശ്വാസമാണ്. അനുസരിക്കാത്ത വിശ്വാസം ശരിയായ വിശ്വാസമല്ല. കാരണം ബൈബിളിൽ വിശ്വാസികളായിരുന്നവരെല്ലാം ദൈവത്തെ അനുസരിച്ചവരായിരുന്നു. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമത്രേ. നാം വചനം കേൾക്കുകയും വിശ്വസിക്കുകയും ക്രിസ്തുവിനെ ഏറ്റുപറയുകയും സ്നാനമേല്ക്കുകയും ചെയ്യുന്നതു കർത്താവിനെ അനുസരിക്കുവാനാണ്. തന്നെ അനുസരിക്കുന്നവരെയാണ് ക്രിസ്തു രക്ഷിക്കുന്നത്, അല്ലാതെ അനുസരിക്കാത്തവരെയല്ല (എബ്രായർ 5:8, 9). ദൈവഭാഗത്തു നിന്നു ദൈവം ചെയ്യുവാനുള്ളത് അവൻ ചെയ്യേണ്ടതിന്നു നാം നമ്മുടെ ഭാഗത്തുനിന്നു ചെയ്യുവാനുള്ളത് ചെയ്യണം. അതു തികച്ചും ന്യായമാണ്. തുടർന്നു നാം മരണത്തോളം അവനെ വിശ്വസ്തമായി സേവിക്കയും വേണം (വെളിപ്പാട് 2:10). കർത്താവിന്റെ സഭയിലുള്ള ഓരോരുത്തരും പരിശോധിക്കേണ്ട സമയമായി. ഒന്നുകിൽ നാം ലോകത്തിലേക്കു അല്ലെങ്കിൽ ലോകത്തിൽനിന്നു വേർപെട്ടുകൊണ്ടാണിരിക്കുന്നത്. ലോകത്തോടുള്ള സ്നേഹം ദൈവത്തോടു ശത്രുതയുണ്ടാക്കും. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. നാം ലോകത്തെപോലെ ആകുവാൻ ശ്രമിക്കുമ്പോൾ നമുക്ക് ക്രിസ്തുവിനെപോലെ ആകുവാൻ സാധ്യമല്ല. അതുകൊണ്ടു നമുക്ക് ബൈബിൾ പ്രസംഗിച്ച് അതുപോലെ ജീവിക്കാം.

✶

# ക്രിസ്തുവിൽ ആകുക എന്നാൽ അവന്റെ രാജ്യത്തിലാകുകയാണ്

## എൽ. ജെയിംസൺ

ക്രിസ്തുവിൽ എന്ന പദപ്രയോഗം വളരെയധികം പ്രാവശ്യം പുതിയനിയമത്തിൽ കാണാം. ദൈവശ്വാസീയരായ ആളുകളിൽകൂടെ ദൈവം എന്തെങ്കിലും ആവർത്തിച്ചു പറയുമ്പോൾ, അതിനു പ്രത്യേകത അല്ലെങ്കിൽ പ്രാധാന്യമുണ്ട് എന്നോർക്കണം. യേശുക്രിസ്തുവുമായി ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ളതെല്ലാം നാം അതീവശ്രദ്ധയോടെ മനസിലാക്കണം. ക്രിസ്തുവിനോടു ചേരുക, ക്രിസ്തുവിലാകുക എന്നതു പാപിയായ മനുഷ്യരെ സംബന്ധിച്ച് വലിയ അനുഗ്രഹം തന്നെയാണ്. അതിനുള്ള അവസരം ഒരുക്കിയത് ക്രിസ്തു തന്നെയാണ്.

അപ്പൊസ്തലനായ പൗലൊസ്, പുതിയനിയമത്തിൽ 160 പ്രാവശ്യം ക്രിസ്തുവിൽ എന്നോ അതിനു തുല്യമായതോ ആയ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. എല്ലാ ആത്മികാനുഗ്രഹങ്ങളും ക്രിസ്തുവിലാണുള്ളത് (എഫെസ്യർ 1:3). അന്തിമമായ രക്ഷ ക്രിസ്തുയേശുവിലാണുള്ളത് (2 തിമൊഥെയൊസ് 2:10). അപ്പോൾ ആ ഉപദേശം നാം വചനത്തിൽനിന്നു മനസിലാക്കി വിശ്വാസപൂർവ്വം അനുസരിക്കയും അതു മറ്റുള്ളവരെ പഠിപ്പിക്കയും വേണം. അതാണ് ദൈവികപദ്ധതി. നിങ്ങൾക്കു ക്രിസ്ത്യാനി ആയിരിക്കുവാനും "ക്രിസ്തുവിനു" പുറത്തായിരിക്കുവാനും കഴിയുമോ? ഒരിക്കലുമില്ല. കാരണം ക്രിസ്തുവിൽ ജീവിക്കാതെ ഒരാൾക്ക് ക്രിസ്ത്യാനി എന്നു അവകാശപ്പെടുവാൻ സാധ്യമല്ല. രക്ഷിക്കുന്ന കൃപ ക്രിസ്തുയേശുവിലാണുള്ളത്. "നാം അവന്റെ കൈപണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചേയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫെസ്യർ2:10).

ദൈവകൃപ ക്രിസ്തുവിലായതിനാൽ, ക്രിസ്തുവിനു പുറത്തു രക്ഷയില്ല. ''കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളിൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷി

ക്കപ്പെട്ടിരിക്കുന്നു" (എഫെസ്യർ 2:4, 5). ക്രിസ്തുവിനോടു ചേരുന്ന വരെ ദൈവമക്കളായിട്ടാണ് അംഗീകരിക്കുന്നത്. രൂപാന്തരം സംഭ വിക്കുന്നതു ക്രിസ്തുവിനെ ധരിക്കുന്നവരിലാണ്. പഴയമനുഷ്യനു പകരം പുതിയ മനുഷ്യൻ ലഭിക്കുന്നതു ക്രിസ്തുവിലാണ്. ഒരു വൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയായി. പഴയതു കഴിഞ്ഞുപോയി, സകലതും തുടർന്നു പുതുതായിതീരുന്നു. ക്രിസ്തു വിൽ ജീവിക്കുക എന്നാൽ ക്രിസ്തുവിന്റെ ഭാവം ഉള്ളവരാകുക എന്നാണ്. അതിനർത്ഥം ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനി ല്ക്കുക എന്നാണ്.

വിളിച്ചു വേർതിരിക്കപ്പെട്ടവരാണ് ക്രിസ്തുവിലാകുന്നത്. അതു സുവിശേഷഘോഷണത്താലത്രേ. അവനിൽ അതായതു കർത്താ വിൽ നമുക്ക് അതിക്രമങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പുണ്ട്, അതു അവൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരമത്രേ.ദൈവത്തിന്റെ കൃപയാലുള്ള വീണ്ടെടുപ്പ് ആത്മിയ അനുഗ്രഹമാണ്. സുവിശേഷം അനുസരിക്കുന്നവർക്കാണ് ആ കൃപയുടെ മഹത്വം അനുഭവിക്കു വാൻ കഴിയുന്നത്. അവന്റെ കൃപയാൽ വീണ്ടടുക്കപ്പെടുന്നതു കൊണ്ടു സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). ഒന്നി നെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധി യേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും. ദൈവത്തിന്റെ കരു ണാധിക്യപ്രകാരമുള്ള കരുതൽ ക്രിസ്തുവിലായവർക്കുള്ളതാണ്. ''എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും'' (ഫിലിപ്പിയർ4:19). ഈ വാഗ്ദാനങ്ങൾ എല്ലാവർക്കും ഉള്ളതല്ല എന്നോർക്കണം. ക്രിസ്തുവിലാകുന്നവർക്കാണ് ലഭിക്കു ന്നത്. എന്നാൽ ഒരാൾക്ക് എങ്ങനെ ക്രിസ്തുവിലാകുവാൻ കഴിയും? ക്രിസ്തുവിന്റെ ഏകശരീരത്തോടു ചേരുവാൻ സ്നാനം ഏല്ക്കു ന്നവരാണ് ക്രിസ്തുവിൽ ആകുന്നതു. ക്രിസ്തുവിൽ ആകുന്നവർ

എല്ലാവരും ഒന്നായിരിക്കണമെന്നാണ് കർത്താവിന്റെ ആഗ്രഹം അവർ ഏകാത്മാവു ലഭിച്ചവരാണ്. ആ ആത്മാവിനു കീഴ്പ്പെട്ട് ജീവിക്കണം. അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ.

അവസാനമായി നമുക്ക് അധികം ശ്രേഷ്ഠമായ മാർഗത്തെ കുറിച്ചു ചിന്തിക്കാം. ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നിലനില്ക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ. ദൈവം തന്റെ സ്നേഹം ക്രിസ്തുവിൽ കൂടെ വ്യക്തമാക്കി. യേശു ആ സ്നേഹം തന്റെ ത്യാഗപൂർണ്ണമായ ജീവിതത്താലും യാഗത്താലും നമുക്ക് കാണിച്ചു തന്നിരിക്കയാണ്. ദൈവം തന്നെയാണ് സ്നേഹം. നമുക്ക് ക്രിസ്തു കാണിച്ചു തന്ന ആ മാതൃക നാം അനുകരിക്കേണ്ടതാണ്. ക്രിസ്തുയേശുവിൽ ആണ് സകല മനുഷ്യർക്കും പ്രത്യാശയുള്ളത്. കാരണം ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷക്കായി നല്കപ്പെട്ട നാമം യേശുവിന്റേതു മാത്രമാണ് (പ്രവൃത്തികൾ 4:12).

ദൈവം നമ്മെ ക്രിസ്തുവിൽ വീണ്ടെടുത്ത് മക്കളായി ദത്തെടുക്കുകയാണ്. ദൈവത്തിനു അനേകം പുത്രീപുത്രന്മാരെ തേജസിൽ നടത്തുക എന്ന വലിയ പദ്ധതിയാണ് നടപ്പാക്കുന്നത്. അതിൽ നാം പങ്കുകാരാകുന്നത് ക്രിസ്തുവിലാകുമ്പോഴാണ്. തന്നെയുമല്ല ദൈവഭവനത്തിൽ ആത്മിയമായി ജനിക്കുന്നതോടെ നാം ക്രിസ്തുവിന്റെ അവകാശത്തിലും പങ്കുകാരാകുന്നു. രക്ഷിക്കപ്പെട്ടവർക്ക് അഥവാ പാപമോചനം ലഭിച്ചവർക്കാണ് ദൈവരാജ്യത്തിലെ അവകാശങ്ങൾ വെച്ചിരിക്കുന്നത്. ദൈവരാജ്യത്തിലുള്ളവർക്കു വാഗ്ദാനങ്ങളും അവൻ നല്കുന്നുണ്ട്. ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു യാതൊരു ശിക്ഷാവിധിയുമില്ല. ന്യായവിധിക്കുശേഷം നിത്യശിക്ഷാവിധിയുണ്ട്. ഭൗതികമരണശേഷം ദൈവരാജ്യത്തിൽ പ്രവേശിക്കാത്തവർ യാതനാ സ്ഥലത്തേക്കാണ് പോകുന്നത്. അതേസമയം കർത്താവിന്റെ സഭയിൽ ആയിതീർന്നവർ പറുദീസയിലേക്കുമാണ് ആദ്യം പോകുന്നത്.

✶

# നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ പോലെ ആകരുത്

## റോബെർട്ട് ബി

നമ്മുടെ പിതാക്കന്മാരുടെ കാലത്ത് യിസ്രായേൽ ചരിത്രം പരിശോധിച്ചാൽ അവർ ചിലപ്പോൾ ദൈവവുമായി അടുത്തിരിക്കും. എന്നാൽ മറ്റു ചിലപ്പോൾ അവർ അകന്നു പോകുമായിരുന്നു. ഇതിനു വിപരീതമായി ചിലർ ദൈവഭക്തിയോടെ ജീവിച്ചിരുന്നു എന്നതു വിസ്മരിക്കുന്നില്ല. വിഭജിക്കപ്പെട്ട യിസ്രായേലിൽ ആത്മിയത വളരെ താഴ്ന്നുപോയിരുന്നു. ദൈവകല്പനകൾക്കു വിരോധമായി അവർ അയൽ രാജ്യങ്ങളെ മാതൃകയാക്കുവാൻ തുടങ്ങി. സകല മനുഷ്യരേയും വാഴുവാൻ ആഗ്രഹിക്കുന്ന ദൈവത്തെ അവരുടെ ഹൃദയത്തിൽ നിന്നു മാറ്റി. അതിനു പകരം മറ്റു പലതിനേയും ഉള്ളിൽ പ്രതിഷ്ഠിച്ചു. തൽഫലമായി ദൈവം അവരെ ഉപേക്ഷിച്ചു. ദൈവത്തിന്റെ നിയന്ത്രണത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കാത്തവരെ അവരുടെ വഴിക്കു തന്നെ ദൈവം വിട്ടുകളയും. ദൈവം ജനത്തിനിടയിലേക്കു അവരെ ഉപദേശിക്കേണ്ടതിനു പ്രവാചകന്മാരെ അയച്ചു. എന്നാൽ ജനത്തിന്റെ പ്രതികരണം എന്തെന്നു ആമോസ് പറയുന്നു, ''എന്നാൽ ആമോസിനോടു അമസ്യാവു എടോ ദർശകാ യെഹൂദാദേശത്തിലേക്കു ഓടിപൊയ്ക്കൊൾക; അവിടെ പ്രവചിച്ചു അഹോവൃത്തി കഴിച്ചുകൊൾക. ബേഥേലിലോ ഇനി പ്രവചിക്കരുത്. അതു രാജാവിന്റെ വിശുദ്ധമന്ദിരവും രാജധാനിയുമല്ലൊ'' (ആമോസ് 7:12, 13).

യിസ്രായേലിലെ മിക്കവാറും എല്ലാ രാജാക്കന്മാരും ദൈവമായ യഹോവയുടെ മുമ്പാകെ വഷളായി ദുഷ്ടന്മാരായിട്ടാണ് ജീവിച്ചത്. എന്നാൽ അതിനു വിപരീതമായി രണ്ടു രാജാക്കന്മാർ ദൈവദൃഷ്ടിയിൽ ശരിയായി പ്രവർത്തിച്ചിരുന്നു എന്നും നാം വായിക്കുന്നുണ്ട്: ഹിസ്ക്കിയാവും യോശിയാവുമായിരുന്നു അവർ (2 രാജാക്കന്മാർ 18:1-21; 2 രാജാക്കന്മാർ 22:1-23). ഹിസ്ക്കിയാവാണ് ദൈവാലയാരാധന യെരുശലേമിൽ പുനസ്ഥാപിച്ചത് (2 ദിനവൃത്താന്തം 29:20-36). ജനത്തോടു യഹോവയിങ്കലേക്കു തിരിയുന്നതിനു യിസ്രാ

യേലിലും യെഹൂദ്യയിലുമുള്ള എല്ലാവർക്കും കത്തു കൊടുത്ത യച്ചു. രാജകല്പനയിൽ പറഞ്ഞത്, ‘‘അങ്ങനെ ഓട്ടാളന്മാർ രാജാവിന്റേയും പ്രഭുക്കന്മാരുടേയും എഴുത്തുകൾ എല്ലാ യിസ്രായേലിന്റേയും യെഹൂദയുടേയും ഇടയിൽ കൊണ്ടുപോയി രാജകല്പന പ്രകാരം പറഞ്ഞത് എന്തെന്നാൽ യിസ്രായേൽ മക്കളേ, അബ്രഹാമിന്റേയും യിസഹാക്കിന്റേയും യാക്കോബിന്റേയും ദൈവമായ യഹോവ നിങ്ങളിൽ അശൂർരാജാക്കന്മാരുടെ കയ്യിൽനിന്നു തെറ്റി ഒഴിഞ്ഞ ശേഷിപ്പിന്റെ അടുക്കലേക്കു തിരിയേണ്ടതിന്നു നിങ്ങൾ അവന്റെ അടുക്കലേക്കു തിരിഞ്ഞുകൊൾവിൻ’’ (2 ദിനവൃത്താന്തം 30:6). ഹിസ്കിയാവു അവരോടു എഴുതി അറിയിച്ചതിൽ നിന്നു ക്രിസ്ത്യാനികൾക്ക് ഒരു ഗുണപാഠം പഠിക്കുവാനുണ്ട്. അതു നമുക്കു നോക്കാം. ‘‘തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയോടു അകൃത്യം ചെയ്ത നിങ്ങളുടെ പിതാക്കന്മാരെയും സഹോദരന്മാരെയും പോലെ നിങ്ങൾ ആകരുത്. അവൻ അവരെ നാശത്തിനു ഏല്പിച്ചു കൊടുത്തതു നിങ്ങൾ കാണുന്നുവല്ലോ’’ (2 ദിനവൃത്താന്തം 30:7).

ആ തിരുവെഴുത്തു വായിക്കുമ്പോഴൊക്കെ എന്റെ മനസിലേക്കു വരുന്ന ചിന്ത കർത്താവിന്റെ സഭയെകുറിച്ചാണ്. ലോകവ്യാപകമായി നമ്മുടെ സഹോദരവർഗം വ്യാപിച്ചു കിടക്കുകയാണ്. നാം കർത്താവിനേയും അവന്റെ സഭയേയും സ്നേഹിക്കുന്നവരാണ്. അതേസമയം നമ്മുടെ ഇടവകകൾ എവിടേക്കു പോകുന്നു എന്നു നാം പരിശോധിക്കേണ്ടതാണ്. സത്യസന്ധമായും നിഷ്പക്ഷമായും വചനം പരിശോധിച്ചു തെറ്റുകളെ ഒഴിവാക്കി വചനപ്രകാരം സഭയെ നിലനിർത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. നമ്മുടെ സഹോദരന്മാർ തെറ്റിപ്പോകുന്നതു ഒഴിവാക്കുവാൻ അവരെ സ്നേഹത്തിൽ പ്രബോധിപ്പിക്കേണ്ടതിനു നാം തയ്യാറാകണം. ദുരുപദേഷ്ടാക്കന്മാർ നമ്മുടെയിടയിൽനിന്നു എഴുന്നേല്ക്കുമെന്നു അപ്പൊസ്തലൻ മുന്നറിയിച്ചിട്ടുണ്ട് (പ്രവൃത്തികൾ 20:29). ദുരുപദേശത്തെ വിലക്കണമെന്നും അവയെ ശ്രദ്ധിക്കരുതെന്നും, അവരെ വീട്ടിൽ കയറ്റരുതെന്നും നമ്മോടു തിരുവെഴുത്തു പറയുന്നുണ്ട്. ദൈവജനത്തിനിടയിൽ ദുരുപദേഷ്ടാക്കന്മാർ ഇല്ലാതിരിക്കുന്നതു എത്ര മനോഹരമായിരിക്കുമെന്നുള്ളതിൽ നിങ്ങൾ എന്നോടു

യോജിക്കും. ദുരുപദേഷ്ടാക്കന്മാർ ജനത്തിനിടയിൽ നിന്നെഴുന്നേല്ക്കുന്നതു ഇന്നും ഇന്നലെയുമല്ല. അതിനെ ശ്രദ്ധിക്കുന്നതും ഇപ്പോൾ മാത്രമല്ല. എല്ലാ കാലത്തും ഇതുണ്ടായിട്ടുണ്ട്. അബ്രഹാമും യിസഹാക്കും യാക്കോബും ദൈവത്തിൽ വിശ്വസ്തതപുലർത്തി ജീവിച്ചതുകൊണ്ടു അവരെ ദൈവം അനുഗ്രഹിച്ചിരുന്നു. എന്നാൽ മറ്റുള്ളവർ ദൈവത്തോടു അവിശ്വസ്തരായപ്പോൾ ദൈവം അവരെ നശിപ്പിക്കയും ചെയ്തു. പ്രതികൂലങ്ങളുടെ മദ്ധ്യേ വിശ്വാസത്തിൽ ജീവിച്ചവർ നമുക്കു മാതൃകയാണ്. ഇനി പുതിയനിയമകാലത്ത് ഉപദ്രവങ്ങളും പരീക്ഷണങ്ങളും ക്രിസ്ത്യാനികളെ നേരിട്ടപ്പോൾ അവർ അതിനെ കർത്താവും അപ്പൊസ്തലന്മാരും നേരിട്ടതുപോലെ നേരിട്ടു. അവർ എന്തായാലും തങ്ങളുടെ വിശ്വാസത്തെ തള്ളിക്കളയുവാൻ തുനിഞ്ഞില്ല.

എത്ര കഷ്ടം ഉണ്ടായിട്ടും പ്രയാസം നേരിട്ടിട്ടും അവർ വിശ്വാസികൾക്ക് ഒരിക്കലായി ഭരമേൽപ്പിച്ച വിശ്വാസത്തിനായി പോരാടിക്കൊണ്ടിരുന്നു. നാമും പോരാടേണ്ടതു നമ്മുടെ വിശ്വാസത്തിനു വേണ്ടിയായിരിക്കണം. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ഈ ലോകത്തിലെ എല്ലാം തന്നെ ക്രിസ്തുവിന്റെ നാമം നിമിത്തം ചേതം എന്നെണ്ണി. എല്ലാം സഹിഷ്ണുതയോടെ നേരിടുവാൻ കർത്താവു അവർക്കു ബലം നല്കി. നമ്മളും ദൈവത്തിൽ ആശ്രയിച്ചു അവനോടു പ്രാർത്ഥിച്ചാൽ ആവശ്യമായ ശക്തി നമുക്ക് തരും. എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ വാസ്തവമായും എന്റെ ശിക്ഷ്യന്മാരാകും (യോഹന്നാൻ 8:31). ദൈവവചനം എന്ന സത്യം മാത്രം നമുക്ക് മതി എന്നു നാം തീരുമാനിക്കണം. എഴുതിയിരിക്കുന്നതിൽ നാം തൃപ്തിപ്പെടണം. അതിനപ്പുറമായി ഭാവിക്കരുത്. മനുഷ്യരുടെ ഉപദേശങ്ങളനുസരിച്ചു നാം ദൈവത്തെ പ്രസാദിപ്പിക്കുവാനാഗ്രഹിച്ചാൽ അവൻ അതു സ്വീകരിക്കയില്ല. അന്ത്യകാലത്ത് വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശത്തെയും അനുസരിച്ചു വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. പുതിയനിയമസഭ കർത്താവിന്റെ ഉപദേശത്തിൽ മാത്രം നിലകൊള്ളേണ്ടതിനു നമുക്ക് പ്രാർത്ഥിക്കാം.

✶

# രക്ഷകർത്താക്കൾ അന്യരോ?

## ബിൽ ബാജെന്റ്സ്

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം എന്താണ്? ചിലർ അതിനെ രക്തബന്ധമായും മറ്റു ചിലർ അതിനെ കുടുംബ ബന്ധമായും കാണുന്നുണ്ട്. എന്നാൽ ബൈബിളിൽ ചില കടമകളും ഉത്തരവാദിത്വങ്ങളും രണ്ടു കൂട്ടർക്കും ഉള്ളതായി പറയുന്നുണ്ട്. പ്രായമായവർക്ക് പരിചയവും പക്വതയുമുണ്ട്. അവർ ബുദ്ധിപരമായ തീരുമാനം എടുക്കുന്നവരാണ് എന്നൊക്കെയാണ് ധാരണ. നമുക്ക് ഇയ്യോബ് പറയുന്നതു ഒന്നു ശ്രദ്ധിക്കാം. "വൃദ്ധന്മാരുടെ പക്കൽ ജ്ഞാനം ഉണ്ട്; വയോധികന്മാരുടെ അടുക്കൽ വിവേകം ഉണ്ട്" അതു അവർ ദൈവവചനപ്രകാരം ജീവിക്കുന്നുവെങ്കിലത്രേ. കാരണം യഥാർത്ഥ ജ്ഞാനം ദൈവം വെളിപ്പെടുത്തിയിരിക്കുന്നതാണ്. മക്കളേക്കാൾ അറിവു മാതാപിതാക്കൾക്ക് ഉണ്ട് എന്നു പറയാം. എന്നാൽ എല്ലാ കാര്യത്തിലും എന്നു പറയാവുന്നതല്ല. ഇന്നത്തെ ആധുനിക വസ്തുക്കളിലുള്ള അറിവു മാതാപിതാക്കളേക്കാൾ കുട്ടികൾക്കാണ്.

അമ്മയപ്പന്മാരും മക്കളും തമ്മിൽ എങ്ങനെ ആയിരിക്കണം പെരുമാറേണ്ടതെന്നു വചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. "മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും നീ ദീർഘായുസോടിരുപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക. അതു വാഗ്ദത്തത്തോടുകൂടിയ കല്പനയാകുന്നു. പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ" (എഫെസ്യർ 6:1-4). കൊലൊസ്യർ 3:20 അവർ ശ്രദ്ധിച്ചു മനസിലാക്കി അനുസരിച്ചാൽ അവർ അനുഗ്രഹിക്കപ്പെടും എന്നതിന്നു തർക്കമില്ല. മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ സകലത്തിലും അനുസരിപ്പിൻ. ഇതു കർത്താവിന്റെ ശിഷ്യന്മാരിൽ കണ്ടാൽ അതു പ്രസാദകരമല്ലോ. ഈ ലോകം അപകടം പിടിച്ചതാണെന്നു അവർക്ക് അറിയാം. അതുകൊണ്ടാണ് അവർ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും നൽകുന്നത്. അവർ നിങ്ങ

ളോടു എവിടെ പോകുന്നു? ആരെ കാണുവാൻ പോകുന്നു, എപ്പോൾ തിരിച്ചു വരും? എന്നീ ചോദ്യങ്ങൾ ചോദിക്കുന്നതു നിങ്ങളുടെ ഗുണത്തിനും സുരക്ഷക്കുമാണ്. അല്ലാതെ നിങ്ങളെ അമിതമായി നിയന്ത്രിക്കുന്നതിനല്ല എന്നോർക്കുക. നമ്മുടെ പ്രതിയോഗിയായ പിശാചിനെ സൂക്ഷിക്കണം. കാരണം അവൻ ആരെ വിഴുങ്ങേണ്ടു എന്നു നോക്കി ഊടാടി നടക്കുകയാണ്. ക്രിസ്ത്യാനികൾ ഇടുക്കുവാതിലൂടെ അകത്തു കടക്കുവാൻ നോക്കണം. നാശത്തിലേക്കു പോകുന്ന വഴി വീതിയുള്ളതാണ്. ദൈവത്തോടു അടുത്തുവന്നാൽ പിശാച് നമ്മെവിട്ട് ഓടിപോകും. ദൈവവചനത്താലാണ് നാം പിശാചിനെ നേരിടേണ്ടത്. കാരണം ദൈവശക്തി ദൈവത്തിന്റെ വചനത്തിലാണ്. ദൈവവചനത്തെ നമ്മുടെ ജീവിതത്തിൽനിന്നു മാറ്റി നിർത്താവുന്നതല്ല.

അമ്മയപ്പന്മാർ നിങ്ങൾക്കു നിസാരമെന്നു തോന്നുന്നതും ഗൗരവമുള്ളതായി കാണുന്നു. ഉദാഹരണമായി നിങ്ങളുടെ സ്നേഹിതന്മാർ ആരെല്ലാമാണ് എന്നു അവർ അറിയുവാൻ ആഗ്രഹിക്കുന്നു. അതു നിങ്ങൾക്ക് ഒരുപക്ഷെ അപ്രധാനമായി തോന്നാം. എന്നാൽ അവർ അങ്ങനെ കരുതുവാൻ കാരണമുണ്ട്. ''കോപശീലനോടു സഖിത്വമരുത്, ക്രോധമുള്ള മനുഷ്യരോടുകൂടെ നടക്കയുമരുത്. നീ അവന്റെ വഴികളെ പഠിപ്പാനും നിന്റെ പ്രാണൻ കണിയിൽ അകപ്പെടുവാനും സംഗതി വരരുത്'' (സദൃശവാക്യങ്ങൾ 22:24, 25). വഞ്ചിക്കപ്പെടരുത്, ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു എന്നു അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 15:33).

നിങ്ങൾ ഉപയോഗിക്കുന്ന ഭാഷ പോലും അവർ കാര്യമായി ശ്രദ്ധിക്കും. ഉദാഹരണമായി നിങ്ങൾ ഇടക്കിടക്ക് ഓ ദൈവമേ, എന്റെ ദൈവമേ എന്നു പറയുന്നുവെങ്കിൽ അതു പാടില്ല എന്നവർ വിലക്കും. കാരണം ദൈവം പറഞ്ഞിരിക്കുന്നതെന്താണെന്നു കേൾക്കുക. ''എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസാരവാക്കിന്നും ന്യായവിധിനാളിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (മത്തായി 12:36). വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽനിന്നു സൂക്ഷിക്കുന്നു. വാക്ക് പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല.

സഭയിൽ എങ്ങനെ പെരുമാറണമെന്നു പോലും അവർ നിഷ്ക്കർഷിക്കും. അതു നിങ്ങൾ സമൂഹത്തിലേക്ക് ഇറങ്ങുമ്പോൾ പ്രയോജനം ചെയ്യുമെന്നോർക്കുക. നിങ്ങൾ സമൂഹത്തിൽ മാന്യതയുള്ളവരായി അറിയപ്പെടണം എന്നു ബോധ്യമുള്ളതുകൊണ്ടാണ് അവർ നിങ്ങളെ ഉപദേശിക്കുന്നത്. അപ്പന്റെ ഉപദേശം നിഷേധിക്കരുത് എന്നു ദൈവം പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. അനവധി സമ്പത്തിലും സൽകീർത്തിയും വെള്ളിയിലും പൊന്നിലും കൃപ നല്ലത്. ബാല്യത്തിലെ ക്രിയകളാൽ തന്നേ ഒരുത്തന്റെ പ്രവൃത്തി വെടിപ്പും നേരുമുള്ളതുമാകുമോ എന്നു അറിയാം.

അപ്പനും അമ്മയും ചേർന്നാണ് കുട്ടികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതു എന്നു കാണുമ്പോൾ നിങ്ങൾക്ക് അതിശയം തോന്നാറുണ്ടോ? പക്ഷെ പിന്നീട് നിങ്ങൾക്ക് അത് എത്ര നന്നായി എന്നു തോന്നും. അവർക്കു പണ്ടുള്ള കാര്യങ്ങൾ നന്നായി അറിയാം. ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലതു, അവർക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മറ്റേവനെ എഴുന്നേല്പിക്കും. ഏകാകി വീണാൽ അവനെ എഴുന്നേല്പിപ്പാൻ ആരുമില്ലായ്കയാൽ അവന്നു അയ്യോ കഷ്ടം. രണ്ടുപേർ ഒരുമിച്ചു കിടന്നാൽ അവർക്കു കുളിർ മാറും. ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോടു എതിർത്തു നില്ക്കാം. മുപ്പിരിച്ചരടു വേഗത്തിൽ അറ്റുപോകയില്ല (സഭാപ്രസംഗി 4:9-12). മകനേ, അപ്പന്റെ പ്രബോധനം കേൾക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്. അവ നിന്റെ ശിരസിന്നു അലങ്കാരമായും നിന്റെ കഴുത്തിന്നു സരപ്പളിയും ആയിരിക്കും (സദൃശവാക്യങ്ങൾ 1:8, 9). നിങ്ങൾ ഇപ്പോൾ സന്തോഷിക്കുന്ന കാര്യങ്ങളേക്കാൾ നിങ്ങളെ നിത്യമായി സന്തോഷിപ്പിക്കുന്ന കാര്യങ്ങളിലായിരിക്കും അവരുടെ ശ്രദ്ധ. പ്രത്യേകിച്ചു ആത്മാവിന്റെ രക്ഷ. സർവ്വലോകവും നേടിയിട്ടും ഒരാൾ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനമാണുള്ളത് എന്നാണ് കർത്താവു ചോദിച്ചത്. മറ്റുള്ളവയെല്ലാം താല്ക്കാലികമാണ് എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ട്.

✶

# വാർത്തകൾ

## സ്മാഡ് 3 ജീൻ സ്ത്രീകളിൽ വന്ധ്യതാഹേതു

സ്ത്രീകളിൽ വന്ധ്യതക്കു സ്മാഡ് 3 കാരണമാകുന്നതായി വെർജീനിയ കോമൺവെൽത്ത് യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തി. വന്ധ്യതക്കു എതിരായ ചികിൽസയിൽ മുന്നേറ്റമുണ്ടാക്കാൻ പഠനം വഴിയൊരുക്കു മെന്നാണ് ഇതു വ്യക്തമാക്കുന്നത്.

★

## രാജ്യം കെട്ടിപ്പടുക്കുവാൻ ആളും അർത്ഥവും നല്കി

രാജ്യത്തിന്റെ രൂപഭാവങ്ങൾ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചവരാണ് ക്രൈസ്തവർ. അവർ തങ്ങളുടെ ആളും അർത്ഥവും അതിനായി നല്കിയിട്ടുണ്ട്. ദേശത്ത് ഗവൺമെന്റ് കഴിഞ്ഞാൽ ഏറ്റവുമധികം സേവനം നടത്തുന്നതു ക്രൈസ്തവസമൂഹമാണെന്നു ഒരു ആർച്ച് ബിഷപ്പ് അഭിപ്രായപ്പെട്ടു.

★

## ദൈവവചനം ജീവൻ നല്കുന്നു

കഷ്ടതകളിൽ മനുഷ്യർക്കു ജീവൻ നല്കുന്നതാണ് ദൈവവചനം എന്നു ഡോ. ഗബ്രിയേൽ ത്രിദിന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പറയുകയുണ്ടായി. യഥാർത്ഥ ഐക്യത തിരുവചനത്തിൽ അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യജീവിതത്തിനർത്ഥമുണ്ടാകുന്നത് അതു പരിശീലിക്കുമ്പോഴാണ് എന്ന കാര്യം എല്ലാവരും അറിഞ്ഞിരിക്കണം.

★

*Watch!*

# SATHYANADAM

## TV PROGRAM

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

**Dear Brothers/Sisters in Christ,**

Greetings to you all in the precious name of our Lord Jesus Christ,

Healing Hands International an USA based NGO supported by the Churches of Christ Worldwide, had sent gifts collected by the children in USA for the orphan children to India in the month of July, 09.

These gift boxes were distributed to the following states, with the support of the respective District collector's knowledge.

***ANDHRA, ORISSA, TAMILNADU, MAHARASHTRA & KARNATAKA***

| | |
|---|---|
| 1. Orphanage run by the Churches of Christ | 37 |
| 2. Other Orphanages | 2 |
| 3. Chennai Maternity Govt. Hospital for HIV Children | 1 |
| 4. Old Age Home | 1 |

കാണുക!

# സത്യനാദം

ബ്രദർ. പി. കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Trivandrum on 23/24 October**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378